"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കില - ശ്രീ.ടി.എ.സന്തോഷ്, ഖലാസി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) No. 13170/2020 കേസിലെ 11.01.2021-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(കൈ) നം.32/2022/LSGD തീയതി,തിരുവനന്തപുരം, 21-02-2022

പരാമർശം:-

1. G.O(P) 28/98/G.Edn. Dated 16.1.1998.
2. G.O(MS) 142/99/Co.op dated 28.9.1999.
3. W.P (C) No.16952/2013 കേസിലെ ബഹു.ഹൈക്കോടതിയുടെ 14.08.2018-ലെ വിധിന്യായം (Ext. P18)
4. G.O.(Ms)No.75/2020/LSGD dated 13.05.2020.(Ext p18)
5. W.P.(C) No. 13170/2020 കേസിലെ ബഹു. ഹൈക്കോടതിയുടെ 11.01.2021-ലെ വിധിന്യായം.
6. 22/02/2021-ലെ കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം.
7. കില ഡയറക്ടർ ജനറലിന്റെ 21.03.2021-ലെ കില/2020/101/3233/HQ നമ്പർ കത്ത്.

ഉത്തരവ്

കിലയിൽ ഖലാസിയായി ജോലി ചെയ്യുന്ന ശ്രീ. ടി.എ.സന്തോഷ് 04.10.2000 മുതൽ 03.10.2005 വരെ ശൂന്യവേതനാവധിയെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട് തുടരുകയും ചെയ്ത കാലയളവ് കൂടി കണക്കിലെടുത്ത് ടിയാൾക്ക് ഇൻക്രിമെന്റും ഹയർ ഗ്രേഡും അനുവദിച്ചത് സാധൂകരിക്കാനാവില്ല എന്ന് പരാമർശം 3 വിധിന്യായം നടപ്പിലാക്കി പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. ടി സർക്കാർ ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സന്തോഷ് W.P.(C)13170/2020 നമ്പരായി ബഹു. ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്യുകയും പ്രസ്തുത ഹർജിയിൻമേൽ ബഹു.ഹൈക്കോടതി പരാമർശം (5) പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത വിധിന്യായത്തിലെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

" 7. In the case at hand, Ext.P19 fails miserably from the touchstone of propriety and requirements of implicit compliance of the directions in the judgment and I have no doubt that it must fail.

8. At this time, the learned Government Pleader submitted that if this Court is so inclined, the Secretary will issue a fresh order specifically adverting and complying with the directions in Ext.P18 judgment.

I am certain that this is the best course open to the Government and I, therefore, order this Writ Petition setting aside Ext.P19; with a concomitant direction to its Secretary to issue a fresh order expressly bearing in mind the various observations and findings in Ext. P18 judgment."

3. മുൻ കില എക്സിക്യൂട്ടീവ് കൗൺസിലിന്റെയും 26/06/2012 ന് ചേർന്ന കില ജനറൽ കൗൺസിലിന്റേയും അംഗീകാരത്തോടെ, കിലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ. സന്തോഷിന്

ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലയളവിലെ ഇൻക്രിമെന്റും ഉയർന്ന ഗ്രേഡും നൽകിയതിലൂടെ അനുവദിച്ച് നൽകിയിട്ടുള്ള തുക തിരിച്ചുപിടിക്കുന്നത് ഔചിത്യമല്ല എന്ന് 22.02.2021 തീയതിയിൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി വിലയിരുത്തുകയും കിലയുടെ മുൻ എക്സിക്യൂട്ടീവ് കമ്മിറ്റിയും, ഗവേർണിംഗ് കൗൺസിലും അംഗീകരിച്ച്, അനുവദിച്ച് നൽകിയ ആനുകൂല്യം താഴെപ്പറയുന്ന കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് തിരിച്ച് പിടിക്കേണ്ടതില്ല എന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു.

- തദ്ദേശ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായിട്ടുള്ള സ്ഥാപനത്തിലെ ജീവനക്കാരൻ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റായി സ്ഥാനമേറ്റെടുത്ത് അഞ്ച് വർഷക്കാലം പ്രവർത്തിച്ചത് കിലക്ക് എന്നും അഭിമാനാർഹമാണ്.
- ബഹു ഹൈക്കോടതിയുടെ WP(C) No.16952/2013 കേസിന്റെ അന്തിമ വിധിന്യായത്തിൽ, ശ്രീ. സന്തോഷ് ടി എ യുടെ അസുഖം, ഭാര്യയുടെ മരണം, മക്കളുടെ പരിപാലനം, അപേക്ഷകന്റെ ഇപ്പോഴത്തെ ശാരീരികവും സാമ്പത്തികവുമായ അവസ്ഥ എന്നിവ കണക്കിലെടുത്ത് ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ ബന്ധപ്പെട്ട അതോറിറ്റി ശ്രദ്ധിക്കേണ്ടതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമപ്രകാരം ഡ്യൂട്ടിയിൽ പങ്കെടുക്കാൻ അലവൻസില്ലാതെ പ്രത്യേക അവധി അനുവദിച്ചുകൊണ്ടും അത്തരം അവധി കാലയളവ് ഇൻക്രിമെന്റുകൾക്കും ഉയർന്ന ശമ്പളത്തിനും പെൻഷനുമായി കണക്കാക്കിക്കൊണ്ടുള്ള പരാമർശം 1 ഉത്തരവും ആയത് സഹകരണ വകുപ്പിലെ ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ള പരാമർശം 2 ഉത്തരവും എക്സിക്യൂട്ടീവ് കമ്മിറ്റി കണക്കിലെടുത്തു.

4. കില ഒരു സ്വയംഭരണ സ്ഥാപനമാണെന്നും ആയതിനാൽ ടിയാന് അനുവദിച്ച് നൽകിയ തുക സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാക്കുന്നില്ല എന്നതും കണക്കിലെടുത്ത് ശ്രീ. സന്തോഷ് ടി.എ യ്ക്ക് അനുവദിച്ച് നൽകിയ വാർഷിക ഇൻക്രിമെന്റെയും ഉയർന്ന ഗ്രേഡിന്റെയും അടിസ്ഥാനത്തിൽ കൈപ്പറ്റിയ തുക തിരിച്ച് പിടിക്കേണ്ടതില്ല എന്ന പരാമർശം 6 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മേൽ നടപടികളിലൂടെ G.O(MS) No.75/2020/LSGD dated 13.05.2020(Ext.P19) ലെ നിർദ്ദേശം റദ്ദാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് കില ഡയറക്ടർ ജനറൽ പരാമർശം 7 പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

5.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കില ഒരു സ്വയംഭരണ സ്ഥാപനമാണ് എന്നത് കണക്കിലെടുത്തും, ഹൈക്കോടതി വിധിയിലെ നിരീക്ഷണങ്ങളും, കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനവും പരിഗണിച്ചും ശ്രീ. സന്തോഷ്.ടി.എ യുടെ അസുഖം, ഭാര്യയുടെ മരണം, മക്കളുടെ പരിപാലനം അപേക്ഷകന്റെ ഇപ്പോഴത്തെ ശാരീരികവും സാമ്പത്തികവുമായ അവസ്ഥ എന്നിവ കണക്കിലെടുത്തും ടിയാൻ 04.10.2000 മുതൽ 03.10.2005 വരെ ശൂന്യവേതനാവധിയെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും പറപ്പൂക്കര ഗ്രാമപഞ്ചായത്തു പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട് തുടരുകയും ചെയ്ത കാലയളവ് കണക്കിലെടുത്ത് ഇൻക്രിമെന്റും ഹയർ ഗ്രേഡും അനുവദിച്ച നടപടി സാധൂകരിച്ചും അപ്രകാരം ശ്രീ. ടി. എ സന്തോഷ്, ഖലാസി, കില ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P( C ) No.13170/2020 കേസിലെ പരാമർശം 5 വിധിന്യായം മേല്പറഞ്ഞ പ്രകാരം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖക്കത്ത് സഹിതം)
ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
ശ്രീ. ടി. എ. സന്തോഷ്, ഖലാസി, കില (ഡയറക്ടർ ജനറൽ, കില മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ. ഇ& ആർ.എസ്.എ.), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ.), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ വകുപ്പ്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.